(1) വൻകിട ജലവൈദ്യുത പദ്ധതികളായ ആതിരപ്പള്ളി (163 മെഗാവാട്ട്) കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ (100 മെഗാവാട്ട്) എന്നിവ

(2) സ്വകാര്യമേഖലയിൽ കാരിക്കയം (15 മെഗാവാട്ട്) ഭൂതത്താൻകെട്ട് (16 മെഗാവാട്ട്) കുത്തുങ്കൽ (21 മെഗാവാട്ട്) ഉള്ളുങ്കൽ എന്നീ ജല പദ്ധതികൾ - ഇവയുടെ പ്രവർത്തനം പുരോഗമിച്ചു വരുന്നു.

(3) ഡി.ബി പവർ ലിമിറ്റഡ്. കാസർഗോഡ് (107 മെഗാവാട്ട്) കാസർഗോഡ് പവർ കോർപ്പറേഷൻ ലിമിറ്റഡ് (20 മെഗാവാട്ട്) കണ്ണൂർ പവർ പ്രോജക്ട് പ്രൈവറ്റ് ലിമിറ്റഡ് (513 മെഗാവാട്ട്) സിയാസിൽ എനർജി ലിമിറ്റഡ് (521.6 മെഗാവാട്ട്) കൊച്ചിൻ റിഫൈനറീസ് ലിമിറ്റഡ് (679 മെഗാവാട്ട്) എന്നീ സ്വകാര്യ/സംയുക്ത മേഖലയിലെ താപ നിലയങ്ങൾ

(4) വരുന്ന 10 വർഷത്തിനുള്ളിൽ മൊത്തം 607.6 മെഗാവാട്ട് സ്ഥാപിത ശേഷി വരുന്ന ചെറുകിട ജല പദ്ധതികൾ

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം താഴെ പറയുന്ന പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്.

(1) കോഴിക്കോട് താപനിലയം 128 മെഗാവാട്ട്

(2) കുറ്റ്യാടി എക്സ്റ്റൻഷൻ (ഒന്നാംഘട്ടം) 50 മെഗാവാട്ട്

(3) ചെമ്പുകടവ് ഒന്നാംഘട്ടം 2.70 മെഗാവാട്ട്

(4) കുറ്റ്യാടി ടെയിൽറേയ്സ് 3.75 മെഗാവാട്ട്

(5) പണി തുടങ്ങാതിരുന്ന കായംകുളം താപനിലയം 350 മെഗാവാട്ട്

(6) കൊച്ചിയിലെ ബി.എസ്.ഇ.എസ്. സ്വകാര്യതാപനിലയം - 157 മെഗാവാട്ട്

(7) ഡി.ബി.പവർ ലിമിറ്റഡ് - കാസർഗോഡ് - സ്വകാര്യതാപ നിലയം 107 മെഗാവാട്ട്

(8) കാസർഗോഡ് പവർ കോർപ്പറേഷൻ ലിമിറ്റഡ് - സ്വകാര്യ താപനിലയം 20 മെഗാവാട്ട്

(ഡി) ഇതിൽ കോഴിക്കോട് താപനിലയവും (128 മെഗാവാട്ട്) കായംകുളം എൻ.ടി.പി.സി. നിലയവും കൊച്ചിയിലെ ബി.എസ്.ഇ.എസ്. നിലയവും കമ്മീഷൻ ചെയ്തു.

(ഇ) കോഴിക്കോട് താപനിലയത്തിന് (870 മില്യൻ യൂണിറ്റ്) 393.04 കോടി രൂപ ചെലവായി. കായംകുളം താപനിലയത്തിന് ചെലവായ തുകയെ സംബന്ധിച്ച വിവരം ലഭ്യമല്ല.

(എഫ്) 2000-മാണ്ടോടുകൂടി സംസ്ഥാനത്ത് 2626 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. (കേന്ദ്രവിഹിതം കൂടാതെ).

8 (*38) അണക്കെട്ടുകളുടെ സുരക്ഷ

ശ്രീ. ടി.കെ. ബാലൻ :
ശ്രീമതി എൻ.കെ. രാധ :
ശ്രീ. വി.കെ. ചന്ദ്രൻ :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം.പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി ബോർഡിന്റെ നിയന്ത്രണത്തിലുള്ള അണക്കെട്ടുകളുടെ സുരക്ഷയെ സംബന്ധിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഈ അണക്കെട്ടുകളുടെ സുരക്ഷയ്ക്ക് എന്തെങ്കിലും പ്രത്യേക സംവിധാനം ഏർപ്പെടുത്തേണ്ടതുണ്ടെന്ന് കരുതുന്നുണ്ടോ;

(ഡി) കേന്ദ്ര ജല കമ്മീഷൻ ഇതു സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) അണക്കെട്ടുകളുമായി ബന്ധപ്പെട്ട പുരധിവാസ പ്രവർത്തനങ്ങൾക്ക് കേന്ദ്ര ജല കമ്മീഷനിൽനിന്നും സാമ്പത്തിക സഹായം ലഭ്യമാക്കാറുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ:

(എഫ്) വൈദ്യുതി ബോർഡിന്റെ നിയന്ത്രണത്തിലുള്ള അണക്കെട്ടുകൾ ഏതെല്ലാമാണെന്നും അവയുടെ പഴക്കവും കാണിക്കുന്ന സ്റ്റേറ്റ്മെന്റ് മേശപ്പുറത്തു വയ്ക്കുമോ;

(ജി) അണക്കെട്ടുകളിൽ നിന്നുള്ള പ്രയോജനം തുടർച്ചയായി ലഭിക്കാനും അവയുടെ സുരക്ഷയും അണക്കെട്ടുകളുടെ കരകളിലെ ജനങ്ങളുടെ സുരക്ഷയും ഉറപ്പാക്കുന്നതിനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) ബോർഡിലെ വിജിലൻസ് വിഭാഗം സുരക്ഷ സംവിധാനങ്ങളെ സംബന്ധിച്ച് പഠനം നടത്തി നിർദ്ദേശങ്ങൾ നല്കാറുണ്ട്.

(ബി) ഇടുക്കി, ചെറുതോണി, ഇടമലയാർ എന്നീ അണക്കെട്ടുകളിൽ അവയുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനായി സ്ട്രെഡ് മീറ്റർ, സ്റ്റേടയിൽ മീറ്റർ പെൻഡുലം, തെർമോ മീറ്റർ, ജോയിന്റ് മീറ്റർ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. അണക്കെട്ടുകൾക്കും അവയുടെ കരകൾക്കുമുള്ള വ്യതിയാനങ്ങൾ മനസ്സിലാക്കാനായി വിവിധതരം സർവ്വേകളും ക്രമമായി നടത്താറുണ്ട്. ഈ ഉപകരണങ്ങളിൽ നിന്നുള്ള റീഡിംഗുകൾ വിശകലനം ചെയ്യാറുണ്ട്. ഇതുവരെയും എന്തെങ്കിലും അസാധാരണത്വം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. മറ്റു അണക്കെട്ടുകളുടെ ഗ്യാലറികളിൽ ഡീപേജ്, പ്രഷർ എന്നിവ അളക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇവയെല്ലാം നിരീക്ഷണ വിധേയമാക്കുന്നുണ്ട്. ബോർഡിലെ വിജിലൻസ് വിഭാഗം ജലവൈദ്യുത പദ്ധതികളുടെ സുരക്ഷാ സംവിധാനം നേരിട്ട് പരിശോധിക്കുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്യാറുണ്ട്.

പെരിങ്ങൽക്കുത്ത് ചെങ്കുളം, പന്നിയാർ ശബരിഗിരി, ഷോളയാർ, കുറ്റ്യാടി, ഇടുക്കി, ലോവർപെരിയാർ എന്നീ ജല വൈദ്യുത പദ്ധതികളുടെ സുരക്ഷാ സംവിധാനം കേന്ദ്ര ഇന്റലിജൻസ് ബ്യൂറോ നേരിട്ട് പരിശോധിച്ചിട്ടുള്ളതാണ്.

ജല വൈദ്യുത പദ്ധതികളുടെ എമർജൻസി പ്രൊഡക്ഷൻ സ്കീം നടപ്പിലാക്കേണ്ടത് അതത് ജില്ലകളിലെ ജില്ലാ മജിസ്ട്രേറ്റുമാരാണ്. പെരി

LIBRARY ARCHIVES Kerala Legislative Assembly

ങ്ങൽകുത്ത്, ഷോളയാർ ജല വൈദ്യുത പദ്ധതികൾക്ക് ടി എമർജൻസി പ്രൊട്ടക്ഷൻ സ്കീം നിലവിലുണ്ട്.

(സി) എല്ലാ ജല വൈദ്യുത പദ്ധതികൾക്കും മോഡൽ പ്രൊട്ടക്ഷൻ സ്കീം നടപ്പിലാക്കുകയും ഇന്റലിജൻസ് ബ്യൂറോയുടെ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിക്കുകയും ചെയ്യേണ്ടത് സുരക്ഷ. സംവിധാനത്തിന് അത്യാവശ്യമാണ്. സുരക്ഷാ സംവിധാനത്തിന് മാത്രമായി ഒരു പ്രത്യേക വിഭാഗം (ഡാം സേഫ്റ്റി ഓർഗനൈസേഷൻ) ഇപ്പോൾ നിലവിലില്ല.

(ഡി) ഉണ്ട്.

കേന്ദ്ര ജല കമ്മീഷൻ ദേശീയ തലത്തിൽ ഒരു ഡാം സുരക്ഷാ സംഘടന രൂപീകരിച്ചിട്ടുണ്ട്. ഈ സംഘടന ദേശീയതലത്തിൽ അണക്കെട്ടുകളുടെ സുരക്ഷാ പ്രവർത്തനങ്ങൾ ഏകീകരിക്കാനായി ഒരു പ്രത്യേക കമ്മിറ്റി രൂപവൽക്കരിച്ചിട്ടുണ്ട്. (നാഷണൽ കമ്മിറ്റി ഓൺ ഡാം സേഫ്റ്റി) ഇതിൽ കേരളം ഉൾപ്പെടെ എല്ലാ സംസ്ഥാനങ്ങളും അംഗങ്ങളാണ്. കേന്ദ്രജലകമ്മീഷന്റെ 1987-ലെ റിപ്പോർട്ടനുസരിച്ച് എല്ലാ സംസ്ഥാനങ്ങളും ഓരോ സ്വതന്ത്ര അണക്കെട്ട് സുരക്ഷാ സംഘടന രൂപീകരിച്ച് അവയുടെ പരിധിയിൽ വരുന്ന അണക്കെട്ടുകളുടെ സുരക്ഷ ഉറപ്പാക്കേണ്ടതാണ്.

(ഇ) പ്ലാനിംഗ് കമ്മീഷൻ അണക്കെട്ടുകളുമായി ബന്ധപ്പെട്ട പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് കേന്ദ്ര ജല കമ്മീഷന് 862.5 കോടി രൂപ ഒൻപതാം പദ്ധതിയിൽ ഉൾപ്പെടുത്തുകയുണ്ടായി. അതിൻ പ്രകാരം കേരളത്തിന്റെ വിഹിതം 10.2 കോടി രൂപയാണ്. ഈ തുക സംസ്ഥാനത്തെ അണക്കെട്ടുകളുടെ സുരക്ഷ ശക്തിപ്പെടുത്തുന്നതിനും അണക്കെട്ടുകളുടെ ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നാശോന്മുഖമായ അണക്കെട്ടുകളുടെ പുനരുദ്ധാരണം എന്നിവയ്ക്കുമായി ഉപയോഗപ്പെടുത്താം. എന്നാൽ ഇതിനു വേണ്ടി സംസ്ഥാനങ്ങൾ എൽ.സി.ഡി.എസ്. ന്റെ ചില മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതുണ്ട്. ഇതിനുള്ള നടപടി ക്രമങ്ങൾ ചെയ്തു വരുന്നു.

(എഫ്) സംസ്ഥാന വൈദ്യുതി ബോർഡിന്റെ ജലവൈദ്യുത പദ്ധതികളോടനുബന്ധിച്ച് സംസ്ഥാനത്ത് ആകെ 33 പ്രധാന അണക്കെട്ടുകൾ നിലവിലുണ്ട്. അവയുടെ പേരും പഴക്കവും കാണിക്കുന്ന പട്ടിക താഴെ കൊടുക്കുന്നു.

ഡാമിന്റെ പേര്	പണിതീർന്ന വർഷം	പഴക്കം (വർഷത്തിൽ)
1. കുണ്ടള	1946	53
2. മാട്ടുപ്പെട്ടി	1956	43
3. ചെങ്കുളം	1957	42
4. കല്ലാർകുട്ടി	1961	38
5. പൊൻമുടി	1963	36
6. ആനക്കിരങ്കിൾ	1965	34
7. ഇടുക്കി	1974	25
8. ചെറുതോണി	1976	23
9. കുളമാവ്	1977	22
10. കല്ലാർ	1989	10

LIBRARY ARCHIVES Kerala Legislative Assembly

11. ഇരട്ടയാർ	1989	10
12. ഇടമലയാർ	1985	14
13. പെരിങ്ങൽകുത്ത്	1957	42
14. ഷോളയാർ	1965	34
15. ഷോളയാർ പ്ലാങ്കിംഗ്	1964	35
16. ഷോളയാർ സാഡിൽ	1965	34
17. കക്കി	1966	33
18. ആനത്തോട്	1967	32
19. പമ്പ	1966	33
20. അപ്പർമൂഴിയാർ	1979	20
21. ഗവി	1990	9
22. കുളളാർ (ശബരിഗിരി ഓഗ്മെന്റേഷൻ)	1990	9
23. മീനാർ - 1	1990	9
24. മീനാർ - 2	1990	9
25. വേലുത്തോട്	1990	9
26. മൂഴിയാർ	1990	9
27. കുറ്റ്യാടി	1972	27
28. കോട്ടഗിരി സാഡിൽ	1991	8
29. കോട്ടഗിരി സാഡിൽ-1	1991	8
30. കോട്ടഗിരി സാഡിൽ-2	1991	8
31. കുറ്റ്യാടി സാഡിൽ	1992	7
32. ലോവർ പെരിയാർ	1997	2

33. കുറ്റ്യാടി ഓഗ്മെന്റേഷൻ (പണി പൂർത്തിയായിട്ടില്ല)

(ജി) അണക്കെട്ടുകളിൽ നിന്നുള്ള പ്രയോജനം തുടർച്ചയായി ലഭിക്കാനായി അവയുടെ ക്രമമായ പരിശോധന നടത്തുന്നുണ്ട്. എന്തെങ്കിലും പ്രശ്നങ്ങൾ കാണപ്പെട്ടാൽ അവ അപ്പോൾ പരിഹരിക്കാനുള്ള മാർഗ്ഗങ്ങളും കൈക്കൊള്ളുന്നുണ്ട്.

അണക്കെട്ടിന്റെ കരകളിലെ ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കാനുള്ള ചില പഠനങ്ങൾ നടത്തി വരുന്നു.

9 (*39) പട്ടികജാതി-പട്ടികവർഗ്ഗ കോർപ്പറേഷൻ അനുവദിക്കുന്ന വായ്പകൾ

ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) :

LIBRARY ARCHIVES Kerala Legislative Assembly